**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2071** **14-10-2024 - ൽ മറുപടിയ്ക്ക്**

**വ്യാജ സ്ക്രീൻഷോട്ടിന്റെ ഉറവിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പതിനെട്ടാം ലോക് സഭാ തിരഞ്ഞെടുപ്പിന്റെ തലേദിവസം വടകര മണ്ഡലത്തിൽ വിവാദമായ കാഫിർ സ്ക്രീൻഷോട്ട് പ്രചരിപ്പിച്ചത് സംബന്ധിച്ച അന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശം ഗൗരവത്തോടെ കാണുന്നുണ്ടോ; എന്തൊക്കെ തുടർനടപടി സ്വീകരിച്ചു വ്യക്തമാക്കുമോ; | (എ) | ഉണ്ട്. വ്യാജ സ്ക്രീൻ ഷോട്ടിന്റെ ഉറവിടം കണ്ടെത്തി കേസ് അന്വേഷണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വ്യാജ സ്ക്രീൻഷോട്ടിന്റെ ഉറവിടം കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഫോണുകളുടെ ഫോറൻസിക് പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധന അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഇല്ല. വ്യാജ സ്ക്രീൻഷോട്ടിന്റെ ഉറവിടം കണ്ടെത്തുവാനായി സാങ്കേതിക മാർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള ശാസ്ത്രീയ അന്വേഷണം നടന്നു വരുന്നു. വിവാദ പോസ്റ്റിന്റെ ഫേസ് ബുക്ക് / വാട്ട്സ് ആപ്പ് - ലെ ഇന്ത്യയിലെ ഒറിജിനേറ്റർ ആരെന്നു കണ്ടെത്തുന്നതിനുള്ള ഊർജിത അന്വേഷണവും, അന്വേഷണത്തിന്റെ ഭാഗമായി ബന്തവസ്സിലെടുത്ത ഫോണുകളുടെ ഫോറൻസിക് പരിശോധനയും നടന്നുവരുന്നു. ഫോണുകളുടെ പരിശോധന എത്രയും പെട്ടെന്ന് പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിത്തരുന്നതിന് കോടതി മുഖേന റിമൈൻഡർ നൽകിയിട്ടുണ്ട്. |
| (സി) | വ്യാജ സ്ക്രീൻഷോട്ടിന്റെ ഉറവിടം കണ്ടെത്തണമെന്നും കാര്യക്ഷമമായ അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ട് എം.എസ്.എഫ്. നേതാവ് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ മതസ്പർദ്ധ ഉണ്ടാക്കൽ സംബന്ധിച്ച വകുപ്പ് ചേർത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (സി) | പതിനെട്ടാം ലോക സഭാ തിരഞ്ഞെടുപ്പിന്റെ തലേദിവസം വ്യാജ സ്ക്രീൻഷോട്ട് പ്രചരിച്ചതുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ് വടകര പാർലമെന്റ് മണ്ഡലം കമ്മിറ്റി ട്രഷറർ ശ്രീ. സി.ഭാസ്കരൻ മാസ്റ്റർ നൽകിയ പരാതിയിൽ വടകര പൊലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 410/2024 IPC 153 (A) പ്രകാരവും യൂത്ത് ലീഗ് നിട്ടുന്ത്രമണ്ണ ശാഖാ ജനറൽ സെക്രട്ടറിയുടെ പരാതിയിൽ വടകര പൊലീസ് സ്റ്റേഷൻ ക്രൈം നമ്പർ 411/24 U/s 153 IPC & 120 (O) of KP Act പ്രകാരവും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വ്യാജ രേഖ ചമയ്ക്കലുമായി ബന്ധപ്പെട്ട |

| | | | |
|---|---|---|---|
| | | | 468, 471 IPC എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്തിട്ടുണ്ട്. അന്വേഷണത്തിൽ കണ്ടെത്തിയ കുറ്റകൃത്യങ്ങളുടെ അടിസ്ഥാനത്തിലാണ് ബന്ധപ്പെട്ട വകുപ്പുകൾ ചേർത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ